## *വികാരിയിൽ നിന്ന്*





ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രീയരെ

ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ പുതിയ തീരുമാനങ്ങളും, ദർശരനങ്ങളും നമ്മുടെ ജീവിതത്തിന് നിറം പകർന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു. പുതിയ പാഠങ്ങളും തീരുമാനങ്ങളും നമ്മുടെ ജീവിതത്തെ കൂടുതൽ ദർശനോൻമുഖമാക്കാൻ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബോബി ജോസ് കട്ടിക്കാട്ട് അച്ചൻ ഇപ്രകാരം പറയുന്നുണ്ട്. "ദരിദ്രന്റെ സുവിശേഷമാണ് ക്രിസ്തു, എന്നിട്ടും എത്ര പെട്ടന്നാണ് അവന്റെ ശരീരമെന്നു വിശേഷിപ്പിക്കുന്ന സഭ ദരിദ്രരിൽ നിന്നും അകന്നു പോയത്." ഓരോ നിമിഷവും ദരിദ്രർക്കെതിരായി കൊട്ടിയടക്കുന്ന വഴിയമ്പലങ്ങളെക്കുറിച്ചുള്ള സങ്കടവുമായിട്ടയിരുന്നു അവന്റെ പിറവി തന്നെ. ക്രിസ്തുവിനെപ്പോലെ ദാരിദ്രത്തിന്റെ പൊള്ളലിനു സ്വയം വിധേയപ്പെടാത്ത ഒരാൾക്കും ദരിദ്രന്റെ ആകുലതയിൽ പങ്ക് ചേരാൻ ധാർമ്മിക അവകാശമില്ല. ദാരിദ്രത്തെ അതി ഗൗരവമായി എടുത്തൊരാൾ അസ്സിസിയിലെ ഫ്രാൻസ്സിസ്സാണ്. കുർബ്ബാന മദ്ധ്യേ വായിച്ചു കേട്ട സുവിശേഷം, അനുഗമിക്കാനാശിക്കുന്നവർ എല്ലാ വിറ്റ് ദരിദ്രർക്ക് കൊടുക്കുക എന്നതായിരുന്നു. വിശുദ്ധ ബലിക്ക് ശേഷം വൃദ്ധനായിരുന്ന വികാരിയച്ചനെ കണ്ടു ഫ്രാൻസിസ്സ് ഇപ്രകാരം ചോദിച്ചു " ഇന്നു വായിച്ചു കേട്ടതു ഒരു മാർഗമോ അതോ കൽപനയോ " വൃദ്ധനായ അച്ചൻ ഇപ്രകാരം പ്രതിവചിച്ചു. ഇതു ഒരു കൽപന തന്നെ, എന്നാൽ നിർഭാഗ്യവശാൽ എനിക്കതൊരു ആദർശരൂപം മാത്രമാണ് എന്നായിരുന്നു ഫ്രാൻസ്സിസിന്റെ മറുപടി.

ദാരിദ്രത്തോടുള്ള ഇഷ്ടം ദരിദ്രനോടുള്ള ഇഷ്ടത്തിൽ നിന്ന് വേർതിരിക്കാനാവില്ലന്നു ഫ്രാൻസിസ്സ് ഭൂമിക്ക് നൽകിയ ഏറ്റവും വലിയ സന്ദേശം അതുകൊണ്ട് തന്റെ ജീവിതം മുഴുവൻ ദരിദ്രരുമായി ഇഴുകി ചേരുവാൻ അദ്ദേഹത്തിന് സാധിച്ചത് ഒരു സഭാ സമൂഹം അദ്ദേഹം രൂപപ്പെടുത്തിയപ്പോൾ അതിനെ മൈനർ എന്ന് അദ്ദേഹം വിശേഷിപ്പിച്ചു നിസ്സാരൻ എന്നാണ് അതിന്റെ അർത്ഥം നിസ്സാരന്മാരായ സഹോദരന്മാരുടെ സഭ ചിന്തിക്കാൻ പോലും സാധിക്കുമെന്ന് തോന്നിയില്ല. അഹങ്കാരത്തിന്റെയും പണക്കൊഴുപ്പിന്റെയും അധാർമികതയുടെയും മദ്ധ്യത്തിൽ നിസ്സാരനാണ് ഞാനെന്നെ ബോധ്യം അത് തന്നെയാണ് ആത്മീയത.

2020 ലേക്ക് പ്രവേശിക്കുമ്പോൾ നാം നിസ്സാരന്മാരാനെന്നും ദരിദ്രരോട് പക്ഷം ചേരേണ്ടവരാണെന്നുമുള്ള ദർശനം നമ്മിൽ രൂപപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

നമ്മുടെ കരോൾ റൗണ്ട്സ് ഏറ്റവും അനുഗ്രഹകരമായ രീതിയിൽ നടത്തുവാൻ സാധിച്ചത് വലിയ ദൈവ കൃപയായി കരുതുന്നു

അതിന് വ്യത്യസ്തമായ നിലകളിൽ സഹായിച്ച എല്ലാവരോടുമുള്ള നിസ്സീമമമായ നന്ദി അറിയിക്കുന്നു. കൺവീനർമാരായി പ്രവർത്തിച്ച ശ്രീമാന്മാരായ റെജി എബ്രഹാം , ഫിലിപ്പ് എബ്രഹാം , ജേക്കബ് തോമസ് , രഞ്ജിത് ജോർജ്ജ് എന്നിവരോടുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

നമ്മുടെ ക്രിസ്തുമസ് കരോൾ സർവീസ് ഡിസംബർ മാസം 20 തീയതി വൈകിട്ട് 5.30 ന് ചിട്ടയായ രീതിയിൽ ഭംഗിയായി നടത്തുവാൻ ദൈവം കൃപ ചെയ്തു. നമ്മുടെ ദൈവാലയം മനോഹരമായ രീതിയിൽ അലങ്കരിക്കുന്നതിനും പരിപാടികൾ ക്രമീകരിക്കുന്നതിനും യുവജന സഖ്യാഗങ്ങൾക്ക് കഴിഞ്ഞു . അവരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇതിന്റെ കൺവീനർമാരായി പ്രവർത്തിച്ച ശ്രീ. ജിജു കെ. ഫിലിപ്പ് , ശ്രീ ജെറിൻ എബ്രഹാം എന്നിവരോടുള്ള നന്ദി പ്രകാശിപ്പിക്കുന്നു.

ജനുവരി 3-ാം തീയതി വെള്ളിയാഴ്ച്ച സകല ജനത്തിനും വേണ്ടിയുള്ള ദൈവീക വെളിപ്പെടുത്തൽ എന്നതാണ് ചിന്താവിഷയം സുവിശേഷം സകല മാനവ ജാതികൾക്കും വേണ്ടിയുള്ളതാണ് ഭാഷ , വർണ്ണ , വർഗ്ഗ , വ്യത്യാസങ്ങൾക്ക് അതീതമാണ് സുവിശേഷം. ആ സുവിശേഷം ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പ്രഘോഷിക്കുന്നതിനും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും ദൈവം നമ്മെ സഹായി ക്കട്ടെ.

ജനുവരി 10-ാം തീയതി ലഹരി വിരുദ്ധ ദിനമാണ്. ശരീരം വിശുദ്ധിയിൽ കാക്കേണ്ട ദൈവീക മന്ദിരമാണ്. പല കുടുംബങ്ങളും ലഹരി വസ്തു ക്കൾക്ക് അടിമപ്പെട്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവത്തെ അറിയുന്നവർ ഇത്തരം ലഹരി വസ്തുക്കളിൽ നിന്ന് ഒഴിഞ്ഞിരിക്കേണ്ടതും കുടുംബം ലഹരി വിരുദ്ധമായി സൂക്ഷിക്കേണ്ടതു മാണെന്ന് ഓർപ്പിക്കട്ടെ .

ജനുവരി 17-ാം തീയതി ഐക്യത്തിനായി വേർതിരിക്കപ്പെട്ടവർ എന്നതാണ് സഭയായി ചിന്തിക്കുന്ന വിഷയം തിരുസഭ കർത്താവിന്റെ ശരീരമാണ് കർത്താവിനെ ആരാധിക്കുന്നവർ ആത്മാവിലും സത്യ ത്തിലും ആരാധിക്കണം. കർത്താവിന്റെ ശരീരം ആണ് സഭ എന്ന് തിരുവചനം ഓർമ്മിപ്പിക്കുമ്പോൾ, ഐക്യത്തിനായി നില കൊള്ളേണ്ടി യവർ ആണെന്നുള്ള ബോധ്യം നമുക്ക് ഉണ്ടാകണം

ജനുവരി 24-ാം തീയതി വെള്ളിയാഴ്ച രാഷ്ട്ര നിർമ്മിതിയിൽ ക്രൈസ്തവ പങ്കാളിത്തം എന്നതാണ് ചിന്താവിഷയം. നമ്മുടെ ആരാധന യിൽ നാം അധിവസിക്കുന്ന രാജ്യത്തിന്റെ ഭരണാധികാരികളെ അനുസ് മരിക്കുന്നതും പ്രാർത്ഥിക്കുന്നതും രാഷ്ട്ര നിർമ്മിതിയിൽ നാം പങ്കാളി കൾ ആണെന്നുള്ള ബോധ്യം കൊണ്ടാണ് . പ്രവാസികളായി ഈ ദേശത്ത് നാം ഇവിടെ പ്രവർത്തിക്കുമ്പോൾ ഈ രാജ്യത്തെ ഭരണ ാധികാരികളെ പ്രാർത്ഥനയിൽ ഓർക്കാൻ നാം കടമപ്പെട്ടവരാണ്

പുതിയ വർഷം നമ്മുടെ ജീവിതത്തെ ഒരു പുനർ വിചിന്തനത്തിന് വിധേ യമാക്കാൻ നാം ശ്രമിക്കണം . കഴിഞ്ഞ കാല ജീവിതങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് ദൈവ രാജ്യ പ്രവർത്തനങ്ങളിൽ നമുക്ക് പങ്കാ ളികൾ ആകാം. പുതിയ വർഷം നില പാടുകളുടെയും ദൈവം ആഗ്രഹി ക്കുന്ന ചില തീരുമാനങ്ങളുടെയും ഒരു വർഷമായി തീരട്ടെ എന്ന് പ്രാർ ത്ഥിക്കുന്നു ഏവർക്കും അനുഗ്രഹ പൂർണ്ണമായ ഒരു പുതിയ സംവ ത്സരം ഞാൻ ആശംസിക്കുന്നു പ്രാർത്ഥയനയോടെ സാമച്ചൻ